# ജി.എം.ആർ.എച്ച്.എസ്.എസ്
# കുഴൽമന്ദം

# അക്കാദമിക്
# മാസ്റ്റർപ്ലാൻ
# 2025-26

Scanned with OKEN Scanner

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2010 ൽ അന്നത്തെ വിദ്യുച്ഛക്തി മന്ത്രി. ശ്രീ. എ.കെ. ബാലൻ അവർകളുടെ ശ്രമഫലമായി പാലക്കാട് ജില്ലയിലെ കുഴൽമന്ദം മണ്ഡലത്തിലേക്ക് മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിച്ചു. 01.08.2010 ൽ പെരിങ്ങോട്ടുകുറുശ്ശി പഞ്ചായത്തിലെ ഒരു വാടകക്കെട്ടിടത്തിൽ 30 കുട്ടികളുമായി ആരംഭിച്ച സ്കൂൾ പ്രവർത്തനം എല്ലാ പരിമിതികളെയും അതിജീവിച്ച് പെരിങ്ങോട്ടുകുറുശ്ശി പഞ്ചായത്തിലെ വില്ലേജ് രണ്ടിൽ ഉൾപ്പെട്ട അഞ്ച് ഏക്കർ ഇരുപത്തിരണ്ട് സെന്റ് സ്ഥലത്തിൽ സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം അന്നത്തെ തരൂർ എം.എൽ.എ ശ്രീ. എ.കെ. ബാലൻ അവർകളുടെ അധ്യക്ഷതയിൽ വെച്ച്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അവർകൾ നിർവ്വഹിച്ചു. 2013 ൽ പുതിയ കെട്ടിടത്തിൽ അധ്യയനം ആരംഭിച്ചു. നിലവിൽ 5-ാം ക്ലാസ് മുതൽ +2 തലം വരെ ക്ലാസുകൾ ഉണ്ട്. കേരള വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരള പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് വിദ്യാലയമാണ് ഇത്.

Scanned with OKEN Scanner

## കാഴ്ചപ്പാട്

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന പദ്ധതി
ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 5 മുതൽ 10 വരെ-
യുള്ള വിദ്യാർത്ഥികൾ ഓരോ ക്ലാസിലും നേടിയി-
രിക്കേണ്ട ശേഷികൾ നേടി എന്നുറപ്പിക്കുന്ന രീതി
യിലുള്ള പ്രവർത്തനങ്ങൾ നടത്തും. ആധുനിക
രീതിയിലുള്ള പഠനബോധന പ്രവർത്തനങ്ങൾ
നിർവ്വഹിക്കാൻ സാഹചര്യം ഒരുക്കും. പഠന-
ത്തിലൂടെ ജീവിത നിലവാരം ഉയർത്താനാവശ്യമായ
പിന്തുണ നൽകും. അക്കാദമിക ശേഷികൾ-
ക്കൊപ്പം കുട്ടികളിൽ സഹജീവി സ്നേഹം, മാന-
വികത, മതേതരത്വം, സ്വയം പര്യാപ്തത, ഉത്തര-
വാദിത്വ ബോധം എന്നിവ ഉറപ്പു വരുത്തും.
സ്കൂളിന്റെ പഠനാന്തരീക്ഷവും ഭൗതിക സാഹ
ചര്യങ്ങളും മെച്ചപ്പെടുത്താനുണ്ട്. ഗുണമേന്മാ
വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനൊപ്പം സാഹിത്യ
-കലാ-കായിക മികവുകൾ കണ്ടെത്തി പ്രോത്സാഹി
പ്പിക്കുകയും ഉയർന്ന വേദികളിൽ കുട്ടികളെ
എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യും.
ശാസ്ത്ര, വൈജ്ഞാനിക മേഖലകളിൽ പ്രവർത്തി
ക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവശ്യ
മായ പിന്തുണ ഒരുക്കും.

Scanned with OKEN Scanner

# മറ്റ് ലക്ഷ്യങ്ങൾ

* അക്കാദമിക മികവിന് ഊന്നൽ
* ഭാഷാശേഷി വികസനം
* ഗണിത ശേഷി വികസനം
* പരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം.
* കലാപഠനം/കായിക മികവ്.
* പ്രവൃത്തി പരിചയ പഠനം.
* ഐ.ടി. & എ.ഐ പരിശീലനം.
* പി.ടി.എ. സജീവമാക്കൽ
* ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ.
* മത്സര പരീക്ഷാ പരിശീലനം.
* ദിനാചരണം.

Scanned with OKEN Scanner

മേഖല - വൈദഗ്ദ്ധ്യങ്ങൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ എഴുതിയ കാർഡ്<br>6 വാക്കുകൾ നിർമ്മിക്കുക<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8 ചിത്രം - വാക്കിലേക്ക്<br>9 ചിത്രം - കഥ രചന<br>10 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം. (ജനുവരി, ഫെബ്രു-വരി) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2. കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം സജ്ജീകരിക്കൽ<br>2 സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3 സമീപ ഗ്രന്ഥശാല അംഗത്വം<br>4 വായനോത്സവം സംഘടിപ്പിക്കൽ<br>5 പത്രവായന<br>6 പുസ്തക ചർച്ച<br>7 വായനാവാരം<br>8 വായനാക്കുറിപ്പ് പതിപ്പ്<br>9 വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10 ദിനാചരണം<br>11 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പി.ടി.എ, അധ്യാപകർ. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിഭവം | ചുമതല |
|---|---|---|---|---|
| 3 കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2 പുസ്തക ചർച്ച<br>3 വായനാക്കുറിപ്പ് പതിപ്പ്<br>4 വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തൽ<br>5 ചുവർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6 സർഗ്ഗസൃഷ്ടികളുടെ പ്രദർശനം തയ്യാറാക്കൽ<br>7 വ്യക്തിഗത രചന, സംഘ രചന<br>8 ഭാഷ പ്രോജക്ട്<br>9 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10 സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ, ക്ലാസ് റൂം പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1 പ്രസംഗ പരിശീലന കളരി<br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4 പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ. |

Scanned with OKEN Scanner

# Academic Master plan 2025 - 2026.

## English.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | എല്ലാ കുട്ടികളും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസുകൾക്കും ഇതിന് ചുമതല നൽകൽ. | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ. |
| ഇംഗ്ലീഷ് ലാബ് | നാടകീകരണം - പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി puppet show, skit തുടങ്ങിയ വിവിധ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | Skit, ~~ppe~~ puppet show. | ക്ലാസ്റൂം പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് ടീച്ചർ. |
| ഇംഗ്ലീഷ് തിയേറ്റർ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ: Conversation, Skit, Drama. | ജൂൺ – മാർച്ച് | ഇംഗ്ലീഷ് ടീച്ചർ. |

Scanned with OKEN Scanner

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|---|
| Spoken English class. | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | English Grammar class. | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചർ. |
| English Library | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായനയോടുള്ള താൽപര്യം വളർത്തിയെടുക്കുക | English corner Story time, ആഴ്ചയിൽ ഒരു ദിവസം english പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി അവർ വായിച്ച പുസ്തകങ്ങളുടെ അനുഭവ കുറിപ്പ് തയ്യാറാക്കൽ.<br>Reader of the Month നെ തിരഞ്ഞെടുക്കുക. | അക്കാദമിക വർഷം | Librarian, English അധ്യാപിക |
| English club. | സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | English Fest, English Film കാണാനുള്ള അവസരം (പ്രോഗ്രാമുകളിൽ നിന്നുള്ള കഥകളുടെ പ്രദർശനം) | സെപ്റ്റംബർ- ഡിസംബർ | English club. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|---|
| വ്യാകരണം | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുണ്ടാകൽ. | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചർ. |
| | English ഭാഷയിൽ വായന, എഴുത്ത്, ശ്രവണ കുശലത, സംഭാഷണ കഴിവ് എന്നിവ വളർത്തുക. | Reading, writing, listening, Speaking<br>Dictation<br>Self introduction.<br>Daily use english phrases | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചർ. |

Scanned with OKEN Scanner

ഹിന്ദി - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി ഭാഷയിൽ വായന, എഴുത്ത്, ശ്രവണ ക്ഷമത, സംഭാഷണ കഴിവ് എന്നിവ വളർത്തുക. | → പഠനശേഷി കണ്ടെത്തൽ പരീക്ഷ (Baseline Test)<br>→ വിദ്യാർത്ഥികളുടെ ഭാഷാ കഴിവുകൾ വിലയിരുത്തുക. (Reading, writing. Listening, speaking)<br>→ ശുദ്ധലിപി പരിശീലനം. (dictation)<br>→ കവിതകൾ വായനയും ഭാവപാഠവും.<br>→ ലഘു സംഭാഷണം. (Daily use Hindi phrases)<br>→ ഹിന്ദി ഭാഷയിൽ സ്വയം പരിചയപ്പെടുത്തൽ ( speaking & writing. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപിക. |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ഹിന്ദി ഭാഷാ സാഹിത്യത്തിൽ അറിവ് വികസിപ്പിക്കുക<br>ഹിന്ദി ദിനാചരണത്തിലൂടെ ഹിന്ദി ഭാഷയുടെ വിശേഷത ബോധ്യപ്പെടുത്തുക,<br>ഹിന്ദി ഭാഷാ സൗന്ദര്യബോധം വളർത്തുക. | → വ്യാകരണ ഭാഗം : സമാനാർത്ഥ ശബ്ദങ്ങൾ, വിപരീത, ലിംഗം, വചനം. അവ്യയങ്ങൾ. സന്ധി<br>→ ഹിന്ദി ദിനം (സെപ്റ്റംബർ 14)<br>പ്രസംഗം, കവിതാ പാരായണം, പോസ്റ്റർ നിർമ്മാണം)<br>→ രചനാ പ്രവർത്തനങ്ങൾ<br>• ലേഖനം<br>• കവിത രചന<br>• പരിചയ വാക്യങ്ങൾ എഴുതൽ<br>• ലഘുനാടക അവതരണം<br>→ പാഠങ്ങളുടെ ആവൃത്തിലൂടെ വിശകലനം<br>→ ശൈലി പരിചയം ( ~~[illegible]~~, ഉ<br>→ പാദ പരീക്ഷ (Mid term examination) | ആഗസ്റ്റ് - സെപ്റ്റംബർ<br>~~ഒക്ടോബർ~~ - നവംബർ<br>ഒക്ടോബർ - നവംബർ | ഹിന്ദി അധ്യാപിക |

Scanned with OKEN Scanner

| | | | |
|---|---|---|---|
| → സാംസ്കാരിക ബോധം.<br>ഹിന്ദി ഭാഷയുടെയും<br>സാഹിത്യത്തിന്റെയും<br>സംസ്കാരത്തിന്റെയും<br>ബന്ധം തിരിച്ചറിയുക,<br>ഹിന്ദി ഭാഷയിലൂടെ<br>ദേശീയ ഏകത ബോധം<br>വളർത്തുക | → ഭാഷാ അധിഷ്ഠിത<br>പ്രവർത്തനങ്ങൾ.<br>(വിവരണം, ചർച്ച)<br>→ റിപ്പബ്ലിക് ദിനാചരണമായി<br>ബന്ധപ്പെട്ട് ദേശഭക്തിഗാന ആലാപ<br>നം , Speec പ്രസംഗമത്സരം.<br>→ പ്രോജക്ട് പ്രവർത്തനം.<br>(ഹിന്ദി സാഹിത്യകാരൻ പരിചയം.<br>സാഹിത്യ കൃതികൾ) | ഡിസംബർ -<br>ജനുവരി | ഹിന്ദി<br>അധ്യാപിക. |
| അക്ഷരാർത്ഥവും,<br>അർത്ഥഗ്രഹണവും,<br>ജീവിതബന്ധവും<br>ഉൾപ്പെടുത്തി പാഠങ്ങ<br>ളിലാക്കാൻ, അതിന്റെ<br>അടിസ്ഥാനത്തിൽ<br>ഭാഷയും മൂല്യബോധവു<br>മുള്ള പഠനം<br>നടത്താൻ വിദ്യാർത്ഥി-<br>കളെ പ്രാപ്തരാക്കുക. | → റിവിഷൻ ക്ലാസുകൾ<br>→ മോഡൽ പരീക്ഷ<br>→ വിശകലനപരമായ ചോദ്യോത്തര<br>പരിശീലനം<br>→ Final Exam. | | |

Scanned with OKEN Scanner

മേഖല - ഭൗതികസൗകര്യങ്ങൾ - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1) ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ | |
| 2) ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കൽ. | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | എസ്. എസ്. ജി. |
| 3) ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ. | സ്കൂളിലെ ശാസ്ത്രമേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ. | സി. എസ്. ആർ ഫണ്ട് |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | കണ്ടറിയാനൊരു യാത്ര.<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തി, ജൈവ-വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽ-കാട് നിരീക്ഷണം, പ്രകൃതിയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ. |
| 2) ശാസ്ത്ര പ്രക്രിയാ-ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോ-പകരണങ്ങൾ കൈ-കാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈന്റ്<br>ഊർജ്ജക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| | **എക്സ്പ്ലോ - എക്സ്പ്ലോർ.** | | | |
| | ആധുനിക ശാസ്ത്ര ലോകത്തിലെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ്. |
| | **ശാസ്ത്ര വിസ്മയ ചുമർ** | | | |
| | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **യുറേക്കാ** | | | |
| | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |
| 4) പഠനം ആയാസരഹിതവും ആഹ്ലാദകരവുമാക്കി മാറ്റാൻ ICT | പഠനഭാഗത്ത് നൽകിയിരിക്കുന്ന പരീക്ഷണങ്ങൾ ICT യിലൂടെ കാണിക്കുന്നു. കുട്ടികൾക്ക് മനസിലാക്കാൻ ബുദ്ധിമുട്ടുള്ള മേഖലയുമായി ബന്ധപ്പെട്ട. വീഡിയോ ക്ലിപ്പ് കാണിക്കുന്നു. | അക്കാദമിക-വർഷം | ശാസ്ത്രാധ്യാപകൻ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഹൈസ്കൂൾ തലത്തിലെ കുട്ടികൾക്ക് ശാസ്ത്രാവബോധം വളർത്തുന്നതിന് വേണ്ടി ശാസ്ത്രപാഠങ്ങളെ പരിചയപ്പെടുത്തൽ, മൂലകങ്ങളെ പരിചയപ്പെടുത്തൽ | ശാസ്ത്ര പാഠങ്ങൾ എഴുതി പ്രദർശിപ്പിക്കൽ ആറ്റം മാതൃക, പ്രതീകം ഇവ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ - ജൂലൈ | ശാസ്ത്രാധ്യാപകർ - | സയൻസ് ക്ലബ്ബ് |
| 5) ചിത്ര വിശകലനത്തിലൂടെ ശാസ്ത്ര പരീക്ഷണങ്ങൾ സാധ്യമാക്കുന്നതിന് | • വരച്ചു പഠിക്കേണ്ട ചിത്രങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികളെക്കൊണ്ട് വരപ്പിക്കുന്നു.<br>• ചിത്രങ്ങൾ തിരിച്ചറിയാനുള്ള ടെസ്റ്റുകൾ നടത്തുന്നു.<br>• പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ ചെയ്യുന്നു. | ആഗസ്റ്റ് - ഡിസംബർ. | ശാസ്ത്രാധ്യാപകർ. | |
| 6) ശാസ്ത്രീയമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ശാസ്ത്രോത്സവം | • working model<br>• Still model<br>• Experiments | ആഗസ്റ്റ് - ഡിസംബർ. | ശാസ്ത്രാധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ശാസ്ത്രപഠനം സുഗമമാക്കുന്നതിന് ICT | ചെയ്തു കാണിക്കാൻ സാധിക്കാത്ത പരീക്ഷണങ്ങൾ ICT യിലൂടെ കാണിച്ച് വിശദീകരിക്കുന്നു. | ജനുവരി - ഫെബ്രുവരി | ശാസ്ത്രാധ്യാപകർ - | |

Scanned with OKEN Scanner

# ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക, ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പഠന ട്രിപ്പുകൾ സംഘടിപ്പിക്കുക. | നിശ്ചയിച്ച തിയതികളിൽ, അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഉൾക്കാഴ്ചയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തെ പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തുക. സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന് ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം പ്രോജക്ട് [illegible] etc. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. വ്യത്യസ്ത തരം മണ്ണിനെ കുറിച്ചും, ജലാശയങ്ങളെ കുറിച്ചും, കാടുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ പ്രദർശനം കണ്ടും; കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

Scanned with OKEN Scanner

# കലാവിദ്യാഭ്യാസം
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| നം. | മാസം | പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 1 | ജൂൺ | • ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാ ശൈലികളെ പരിചയപ്പെടൽ<br>• വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസ്സിലാക്കൽ<br>• പ്രകൃതിയുടെ സൂക്ഷ്മ നിരീക്ഷണം.<br>• വ്യത്യസ്ത സംഗീതരീതികളും കലാകാരന്മാരെയും - പരിചയപ്പെടൽ. | • വാർലി ചിത്ര പ്രദർശനം<br>• കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ - വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>• ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച് പ്രകൃതി ചിത്രങ്ങൾ വരയ്ക്കുന്നു.<br>• വ്യത്യസ്ത സംഗീത രൂപങ്ങളെയും, കലാകാരന്മാരേയും സംബന്ധിക്കുന്ന പ്രസന്റേഷൻ. | ക്ലാസ് 8,9,[illegible]<br>ക്ലാസ് 5,6,7<br>8,9,10<br>എല്ലാ ക്ലാസ്സിലെ കുട്ടികളും |
| 2 | ജൂലൈ | • പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു. | ജൂലൈ 29 - വാൻ ഗോഗ് ഓർമ്മദിനം<br>ജൂലൈ 31 - കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം<br>• ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ.<br>• കുട്ടികൾ വരച്ച കാർട്ടൂൺ ചിത്രങ്ങളുടെ പ്രദർശനം. | ക്ലാസ് 9,10<br>8,9,10 |
| 3 | ആഗസ്റ്റ് | • വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങൾ എന്നിവ മനസ്സിലാക്കൽ.<br>• സംഘമായിട്ടുള്ള അവതരണം എങ്ങനെയെന്ന് മനസ്സിലാക്കൽ | • സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾ - നിശ്ചലദൃശ്യങ്ങൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു.<br>ഫ്ലാഷ് മോബ്. | ക്ലാസ് 5,6,7,8,9,10 |

Scanned with OKEN Scanner

| നം | മാസം | പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 4 | സെപ്റ്റംബർ & ഒക്ടോബർ | പ്രശസ്ത ഇന്ത്യൻ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | • സെപ്റ്റംബർ 5 ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരോടൊത്തുള്ള ക്ലാസ് റൂം.<br>• ഒക്ടോബർ 2 - ഗാന്ധിജയന്തി, രാജാരവിവർമ്മ സ്മൃതി ദിനം.<br>• ഗാന്ധിജിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രീകരണം കുട്ടികൾ പ്രദർശിപ്പിക്കുന്നു.<br>• രാജാ രവിവർമ്മയും അദ്ദേഹത്തിന്റെ ചിത്രങ്ങളും പ്രസന്റേഷൻ. | 8,9,10<br>ക്ലാസ് 5,67<br>8,9,10 |
| 5 | നവംബർ | തനത് പ്രദേശത്ത് നിലനിൽക്കുന്ന കേരളീയ സാംസ്കാരികതയെ തിരിച്ചറിയൽ. | • കേരളപ്പിറവിയോട് അനുബന്ധിച്ച് നമ്മുടെ നാട്ടിലെ വിവിധ പ്രദേശങ്ങളിലുള്ള നാടൻ പാട്ടുകളുടെ അവതരണം. | എല്ലാകുട്ടികളും (5,6,7,8,9,10) ക്ലാസ്. |
| 6 | ഡിസംബർ | പ്രശസ്തരായ എഴുത്തുകാരെ പരിചയപ്പെടൽ | കുട്ടികളിലെ സർഗാത്മക രചനകൾ പ്രദർശിപ്പിക്കൽ. | ക്ലാസ് (8,9,10) |
| 7 | ജനുവരി & ഫെബ്രുവരി | • സൗന്ദര്യാത്മകവും ജ്ഞാനാത്മകവും വിവിധ രീതിയിലുള്ള എഴുത്തുകൾ പരിശീലിപ്പിക്കൽ<br>• ദൃശ്യമാധ്യമ സാങ്കേതികവിദ്യകൾ മനസ്സിലാക്കൽ.<br>• കവിത ആസ്വാദന ശേഷി വർധിപ്പിക്കൽ | • ലഹരിക്കെതിരെ കുട്ടികൾ നിർമ്മിച്ച ഷോർട്ട്ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br>• ഫെബ്രുവരി 13 ONV കുറുപ്പ് ഓർമ്മദിനം ഒ.എൻ.വി കവിതകൾ ആലാപനം<br>• ജനുവരി 23 ദേശീയ കൈയ്യക്ഷര ദിനത്തോടനുബന്ധിച്ച് കലിഗ്രഫി വർക്ക്ഷോപ്പ് | 8,9,10<br>5,6,7<br>8,9,10 |

Scanned with OKEN Scanner

# മേഖല - യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. പഠനസമയത്ത് വളർത്താനും വിവിധ വ്യവഹാരങ്ങളിലൂടെ ആശയ സംവേദനം നടത്താനും പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു. (കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്, ഓർമ്മക്കുറിപ്പ്). | ജൂൺ | മലയാളം അധ്യാപകർ. | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ. | മലയാളം അധ്യാപകർ. | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളുമടങ്ങിയ കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുക. | ജൂൺ. | മലയാളം അധ്യാപകർ. | |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക. | അക്ഷരലോകത്തേക്ക്: പത്രമാസികകളും ബാലസാഹിത്യകൃതികളും പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി, ആസ്വാദനശേഷി എന്നിവ വളർത്തുന്നതിനോടൊപ്പം ഉച്ചാരണശുദ്ധിയും വളർത്തുക. | എല്ലാ ദിവസവും | മലയാളം അധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലന |
|---|---|---|---|---|
| | വായനാമൂല: പത്രമാസികകളും ബാലസാഹിത്യകൃതികളും ഒരിടത്ത് സജ്ജീകരിച്ച് അത് വായിപ്പിക്കുകയും. ക്ലാസ് തലവായന നടത്തി തിരഞ്ഞെടുക്കപ്പെട്ടവർക്ക് സ്കൂൾ അസംബ്ലി-യിൽ അവതരണത്തിന് അവസരം നൽകുന്നു. | പ്രതിമാസം. | മലയാളം ക്ലബ്. | |
| | ഓരോ മാസത്തിലെയും പ്രധാന ദിനാചരണങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം | രണ്ട് മാസത്തിലൊരിക്കൽ. | മലയാളം ക്ലബ്. | |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തി സർഗശേഷി വികാസം സാധ്യമാക്കുക. | സംവാദം/മുഖാമുഖം/പുസ്തകപരിചയം. എഴുത്തുകാരുമായുള്ള സംവാദങ്ങളും അഭിമുഖ സംഭാഷണങ്ങളും സംഘടിപ്പിക്കുന്നു. പരിചയപ്പെടുത്തൽ റിവ്യൂകൾ, പുസ്തകപരിചയപ്പെടുത്തൽ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അവതരണം എന്നിവ നടത്തുന്നു. | വർഷത്തിൽ മൂന്ന് തവണ. | പ്രധാനാധ്യാപിക, മലയാളം അധ്യാപകർ. | പി.ടി.എ. |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ/ബ്ലോഗ് പേജ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം. | മലയാളം, ഐ.ടി. അധ്യാപകർ, | മലയാളം ക്ലബ്. |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാന്ത്യം. | മലയാളം അധ്യാപകർ. | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 5. മലയാളം മാധ്യമത്തിൽ AI ടൂൾസ് ഉപയോഗിക്കാനുള്ള പരിജ്ഞാനം നേടലും അക്കാദമിക ശേഷി വിപുലനവും | AI മലയാളം: മുഴുവൻ കുട്ടികളെയും മലയാളം മാധ്യമത്തിൽ AI ടൂളുകൾ ഉപയോഗിക്കേണ്ടത് എങ്ങനെയെന്ന് പരിശീലിപ്പിക്കുന്നു. AI കണ്ടന്റുകൾ നിർമ്മിക്കുന്നു. | രണ്ട് വർഷം. | മലയാളം, കമ്പ്യൂട്ടർ അധ്യാപകർ. | |
| 6. പ്രതിഭകളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട രംഗാവതരണങ്ങൾ, ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിവിധ കലാരംഗത്തെ വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാല, കളരി എന്നിവ നടത്തുന്നു. | അക്കാദമിക് വർഷം. | പി.ടി.എ; സ്കൂൾ | പി.ടി.എ. |
| 7. കുട്ടികളുടെ റേഡിയോ സ്റ്റേഷൻ. | എം.ആർ.എസ്. റേഡിയോ: ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ, പുസ്തകപരിചയം, സംഗീതാവതരണം, കഥപറച്ചിൽ, ചിന്താശകലം പങ്കുവയ്ക്കൽ എന്നിവയ്ക്ക് അവസരം നൽകുന്നു. ഓരോ ആഴ്ചയിലെയും പ്രധാനവാർത്തകൾ ഒപ്പം സ്കൂൾ വിശേഷങ്ങളും വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ മൂന്ന് ദിനം. | ക്ലാസ് ലീഡർമാർ, മലയാളം അധ്യാപകർ. | പി.ടി.എ വിവിധ ക്ലബ്ബുകൾ. |

## UP – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| → ഹിന്ദി ഭാഷയിലെ പഠനശേഷി കണ്ടെത്താൻ | • പഠനശേഷി കണ്ടെത്തൽ പരീക്ഷ (Baseline Test – Listening, Reading, Writing)<br>• പഴയ ക്ലാസിലെ പാഠങ്ങൾ ആവർത്തനം. | ജൂൺ | ഹിന്ദി അധ്യാപിക |
| → ഹിന്ദി ഭാഷയിലെ സംസാരശേഷി വർദ്ധിപ്പിക്കൽ | • ഹിന്ദിയിൽ ആശയ വിനിമയം. (Greetings, Self introduction, Common sentences) | | |
| → ഹിന്ദി ഭാഷ സാഹിത്യം രുചി വർദ്ധിപ്പിക്കൽ | • ലഘു കവിത / ചൊല്ലുകൾ / പ്രവാചനങ്ങൾ പഠിപ്പിക്കൽ<br>• ഹിന്ദി അക്ഷരപരിചയം ആവർത്തനം (അക്ഷരമാല, വ്യാകരണം) | ജൂലൈ | |
| → ഹിന്ദി ഭാഷയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | • ഹിന്ദി ഭാഷ ഉപയോഗിച്ചുകൊണ്ടുള്ള ഗെയിംസ്. (Picture Word Matching, Shabd khoj, Varna mala game) | | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| → ഹിന്ദി ഭാഷാ വ്യാകരണങ്ങൾ മനസ്സിലാക്കാൻ | → നിശ്ചിത പാഠങ്ങൾ വിശദീകരിച്ച് പഠിപ്പിക്കൽ<br>→ സമാന പദങ്ങൾ, വിപരീത പദങ്ങൾ, ലിംഗം, വചനം. | ആഗസ്റ്റ് | ഹിന്ദി അധ്യാപിക |
| → ഹിന്ദി ഭാഷാ അവബോധം വർദ്ധിപ്പിക്കാൻ | → ഹിന്ദി ദേശഭാഷാ ദിനാചരണം. (സെപ്റ്റംബർ 14- ഹിന്ദി ദിനം) | സെപ്റ്റംബർ | |
| → ഹിന്ദി ഭാഷാ പ്രയോഗത്തിലെ അശുദ്ധി അകറ്റാൻ | → ശുദ്ധ ലിപി പരിശീലനം<br>→ ശബ്ദശുദ്ധി പരിശീലനം. (Pronunciation Skill) | | |
| → കുട്ടികളുടെ ഹിന്ദി ഭാഷയിലുള്ള പഠനശേഷിയിൽ വന്ന വികാസം തിരിച്ചറിയുവാൻ | → പഠിച്ച പാഠങ്ങൾ ആവർത്തനം.<br>→ കാഴ്ചയെഴുത്ത്, ലഘുവിവരണം. (Picture composition)<br>→ ~~[illegible]~~ ക്രിയകളുടെ പരിചയം (Verbs: Present tense) | ഒക്ടോബർ | |
| | → പഠന പരിശോധന (Mid-term Assessment) | നവംബർ | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ഹിന്ദി സാഹിത്യത്തിൽ കുട്ടികളുടെ ശേഷി വർധിപ്പിക്കുക, ~~[illegible]~~ | → ഹിന്ദിയിൽ ലഘു കഥ രചന<br>→ പാഠങ്ങളിലെ വായനയും ചോദ്യോത്തരങ്ങളും.<br>→ ലളിത ഗീതങ്ങൾ പഠിപ്പിക്കൽ<br>→ ലഘു നാടക അവതരണം. | ജനുവരി | ഹിന്ദി അധ്യ |
| | → Republic Day (ജനുവരി 26) അസംബ്ലിയിൽ ഹിന്ദി ദേശഭക്തി ഗാനം, speech തുടങ്ങിയവ നടത്തുക. | ജനുവരി | |
| ഹിന്ദി ഭാഷയിലെ കുട്ടികളുടെ വളർച്ചയെ വിശകലനം ചെയ്യുക. | → പ്രധാന ഭാഷാ ഘടകങ്ങളുടെ ആവർത്തനം<br>→ മുഖ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട വീഡിയോസ് കുട്ടികളെ കാണിക്കുക.<br>→ ഫൈനൽ റിവിഷൻ<br>→ വർഷാന്ത്യ പരീക്ഷ<br>→ കഴിവുകളെ മൂല്യനിർണ്ണയം. | ഫെബ്രുവരി – മാർച്ച് | |

Scanned with OKEN Scanner

# യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ദേശീയ തലം, ജില്ലാതലം തുടങ്ങിയവയുടെ നദികൾ, ഭൂപ്രകൃതി എന്നി വിവരങ്ങൾ ആസ്പദമാക്കി പ്രവർത്തനങ്ങൾ നൽകുന്നു. ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. | അക്കാദമിക വർഷം 2020 [ജൂൺ] | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ. | |
| 2.) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുക. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ. | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതി മനസ്സിലാക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും, അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ "Demonstration"ന്റെ സഹായത്തോടെ രക്ഷാ ക്ലാസുകൾ സംഘടിപ്പിക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ, സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവയെ സന്ദർശിക്കുകയും, അവർക്ക് വേണ്ടിയുള്ള സഹായ ഹസ്തങ്ങൾ എത്തിക്കുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

Scanned with OKEN Scanner

മേഖല- യു. പി സയൻസ് നം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകല |
|---|---|---|---|---|
| 1) ജീവിത സാഹചര്യ-ങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര-ത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക്: ഔഷധ തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടു-ള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർ-മ്മാണം. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിത-മായ വസ്തുക്കൾ ഉപയോഗ-പ്പെടുത്തി രസകരമായ ~~ലഘു~~ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കു-ന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷ-ണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപ-കർ, ഊർജ്ജ-ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | ശാസ്ത്രാധ്യാ- [illegible] ക്ലബ്ബ്, സ[illegible] |

## യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കുട്ടികളിലുള്ള അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ) | ജൂൺ | ഗണിത അധ്യാപകർ |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ്. |
| 3) ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഉദ്യാനം നിർമ്മിക്കുന്നു | ഒരു പ്രാവശ്യം | ഗണിത ക്ലബ് |
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു, ആവശ്യമായ പിന്തുണ നൽകുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, സമർത്ഥരായ അധ്യാപകർ |
| 5) വിവിധ ശേഷികളുടെ വികാസം | ദിനാചരണം | ആവശ്യാനുസരണം | SRG |

Scanned with OKEN Scanner

# ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത. | ജൂൺ ആദ്യവാരം | MCRT, ഗണിത അധ്യാപകർ |
| 3. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, ആകൃതികൾ എന്നിവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിത ക്ലബ്. |
| 4. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം. | അധ്യാപകർ. |
| 5. ഗണിത മത്സരവേദിയിലേക്ക് - മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന്. | അധ്യാപകർ. |
| 6. വിവിധ ശേഷികളുടെ വികസനം. | ദിനാചരണം. | ആവശ്യാനുസരണം | SRG. |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

GMRHS കട്ടേല

മേഖല - ജീവശാസ്ത്രം, അടിസ്ഥാനശാസ്ത്രം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പരിസ്ഥിതി ബോധവൽക്കരണം | · പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ<br>· പോസ്റ്റർ മത്സരം<br>· പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലൽ<br>· കവിത രചന | ജൂൺ 5 | പരിസ്ഥിതി ക്ലബ്ബ്<br>ബയോളജി വിഭാഗം | പി.ടി.എ |
| 2 | ശാസ്ത്രാവബോധം വളർത്തൽ | · 5 മുതൽ 10 വരെയുള്ള കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനു വേണ്ടി ശാസ്ത്ര പഠനങ്ങളെ പരിചയപ്പെടുത്തൽ, ജീവികളുടെ ശാസ്ത്രീയ നാമങ്ങൾ പരിചയപ്പെടുത്തൽ. | ജൂൺ - ജൂലൈ | ബയോളജി വിഭാഗം | സ്കൂൾ, പി.ടി.എ |
| 3. | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം<br>മൈക്രോസ്കോപ്പ് പരിചയം | ജൂലൈ<br>2-ാം ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ, പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 4. | ജൈവ വൈവിധ്യം പരിചയപ്പെടൽ | · സ്കൂൾ പരിസരത്തെ സസ്യ ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ രണ്ടാം വാരം | ബയോളജി വിഭാഗം | സ്കൂൾ |
| 5 | ചിത്രവിശകലനം ശാസ്ത്ര പരീക്ഷണങ്ങൾ | · സസ്യ പരിസരങ്ങളെ ചിത്രങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>· കുട്ടികളെക്കൊണ്ട് വരപ്പിക്കുന്നു<br>· ചിത്രങ്ങൾ തിരിച്ചറിയാനുള്ള മത്സരങ്ങൾ നടത്തുന്നു.<br>· പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂലൈ അവസാന ഭാഗം | ബയോളജി വിഭാഗം | സ്കൂൾ |
| 6. | പരിസ്ഥിതി പഠനം [illegible] | ~~ജലാശയങ്ങളിൽ~~<br>· പരിസര ശുചി<br>· സസ്യസംരക്ഷണ ബോധവൽക്കരണം. | ആഗസ്റ്റ് ആദ്യവാരം | ബയോളജി വിഭാഗം | യു.പി.തല സ്കൂൾ |
| 7. | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | · വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി + പ്രോജക്ട് അവതരണം. | ആഗസ്റ്റ് - സെപ്റ്റംബർ | ബയോളജി വിഭാഗം | സ്കൂൾ |

| | | | | |
|---|---|---|---|---|
| 8. അറിവിന്, ചികവ് പരീക്ഷിക്കൽ | . സമകാലിക ബയോളജി ക്വിസ് | . സെപ്തംബർ പകുതി. | . സയൻസ് ക്ലബ് | . സയൻസ് ക്ലബ് |
| 9. വന്യജീവി സംരക്ഷണം | . വൈൽഡ് ലൈഫ് വീക്ക് ചർച്ച - പ്രതിജ്ഞ | . ഒക്ടോബർ 2-7 | . പരിസ്ഥിതി ക്ലബ് | . പി.ടി.എ, സ്കൂൾ |
| 10. കരിയർ ബോധവത്കരണം | ജീവശാസ്ത്രത്തിലെ ജോലി സാധ്യതകൾ - ചർച്ച | ഒക്ടോബർ 3-10 ആഴ്ച | സയൻസ് ക്ലബ് | പി.ടി.എ |
| 11. ചാർട്ട് പ്രദർശനം | . പാഠഭാഗവുമായി ബന്ധപ്പെട്ട് ചാർട്ടുകളുടെ പ്രദർശനം | നവംബർ- ഡിസംബർ | ബയോളജി വിഭാഗം | സ്കൂൾ |
| 12. പാഠഭാഗം പുനരാവർത്തനം | ഗ്രൂപ്പ് ഡിവിഷൻ ക്ലാസുകൾ | ജനുവരി - ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ |
| 13. പഠന പുരോഗതി രേഖപ്പെടുത്തൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സയൻസ് ഡയറി-യിൽ രേഖപ്പെടുത്തുക | മാർച്ച് | ബയോളജി വിഭാഗം | സ്കൂൾ. |

Scanned with OKEN Scanner

## കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ : 1. കുട്ടികളിലെ കായിക ശേഷികൾ തിരിച്ചറിയൽ.
2. താത്പര്യമുള്ള കായിക വിനോദങ്ങളിൽ മികവ് വളർത്തൽ
3. വിവിധ മത്സരത്തിന് സജ്ജമാക്കൽ.
4. ഉയർന്ന നിലവാരത്തിലുള്ള മത്സരങ്ങൾക്ക് ഒരുക്കൽ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളിലെ കായിക താത്പര്യങ്ങൾ തിരിച്ചറിയൽ. | വിവിധ പ്രായത്തിലുള്ള കുട്ടികളുടെ വ്യത്യസ്ത കായിക ശേഷികൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു. | ജൂൺ - ജൂലൈ | കായികാധ്യാപകൻ | |
| താത്പര്യമുള്ള കായിക വിഭാഗത്തിൽ മികവ് പുലർത്തൽ | അത്‌ലറ്റിക്സ് ഗെയിംസ് വിഭാഗക്കാർക്ക് 6 AM - 8 AM വരെ. 4 PM – 5:30 PM വരെ കോച്ചിംഗ്. | വർഷം മുഴുവൻ. | കായികാധ്യാപകൻ. | എസ്. സി. ഡിപ്പാർട്ട്മെന്റ്. |
| വിവിധ മത്സരത്തിലേക്ക്. | സബ്ജില്ല, റവന്യൂജില്ല, സംസ്ഥാന തലങ്ങളിലേക്ക് പ്രത്യേക പരിശീലനം. | നിശ്ചിത സമയത്ത്. | കായികാധ്യാപകൻ | എസ്. സി. ഡിപ്പാർട്ട്മെന്റ്. |

Scanned with OKEN Scanner

## ഉപസംഹാരം

GMRHSS കുഴൽമന്ദത്തെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികാസത്തിനും ഉതകും വിധത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഓരോ കുട്ടിയ്ക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും കുട്ടികളിൽ വ്യക്തിത്വവികാസവും സാമൂഹികബോധവും ഉറപ്പാക്കാൻ കഴിയും എന്ന ശുഭ പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

Scanned with OKEN Scanner